(5) കുന്തോട്ടയം പാലം

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, എന്റെ നിയോജക മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥലമാണ് പന്തളം. പന്തളം കുന്തോട്ടയം പാലം വീതി കൂട്ടുന്നതിന് ആവശ്യമായ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിക്കണമെന്ന ആവശ്യമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. 13-ാം കേരള നിയമസഭയുടെ തുടക്കം മുതൽ ഇന്നുവരെ ഈ നിയമസഭയിൽ പല പ്രാവശ്യം ഈ വിഷയം ഉന്നയിച്ചയാളാണ് ഞാൻ. നിരവധി തവണ സബ്മിഷൻ കൊണ്ടുവന്നു. നിരവധി നിവേദനങ്ങൾ മുഖ്യമന്ത്രിക്കും ധനകാര്യ വകുപ്പുമന്ത്രിക്കും പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും കൊടുത്തു. ശബരിമലയുടെ മൂലസ്ഥാനമാണ് പന്തളം. ഇപ്പോൾ ശബരിമല സീസൺ ആരംഭിച്ചതോടുകൂടി കേരളത്തിനകത്തും പുറത്തുമുള്ള നിരവധി ആളുകൾ പന്തളത്ത് എത്തിച്ചേരുന്നുണ്ട്. വാഹനങ്ങളുടെ പെരുപ്പംമൂലം പന്തളം ജംഗ്ഷനിലെ കുന്തോട്ടയം പാലത്തിലൂടെ വാഹനങ്ങൾക്ക് കടന്നുപോകുവാനും ആളുകൾക്ക് സഞ്ചരിക്കാനും കഴിയുന്നില്ല. നിരവധി അപകടങ്ങളുണ്ടായി. അടുത്തകാലത്ത് അവിടെ മൂന്ന് മരണങ്ങളുണ്ടായി. അതുകൊണ്ട് ഈ വിഷയത്തിൽ ഗൗരവമായി ഇടപെടണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നതതലയോഗം ചേർന്ന് മൂന്നുമാസത്തിനുള്ളിൽ പാലം പണി നടത്തുമെന്ന് പറഞ്ഞുവെങ്കിലും ഒരു നടപടിയുമുണ്ടായില്ല. ഇക്കഴിഞ്ഞ ശബരിമല തീർത്ഥാടന കാലത്തിനുമുന്നോടിയായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന ആലോചനായോഗത്തിലും ഞാൻ ഈ വിഷയം ഉന്നയിച്ചു. അന്ന് മാണിസാർ കറിച്ചുകൊണ്ടുപോയെങ്കിലും ഒരു നടപടിയുമുണ്ടായില്ല. പന്തളത്ത് ചേർന്ന ശബരിമല ആലോചനായോഗവുമായി ബന്ധപ്പെട്ട യോഗത്തിൽ ദേവസ്വം വകുപ്പുമന്ത്രി ഉടൻതന്നെ പാലം പണി ആരംഭിക്കുമെന്ന് ഉറപ്പുനൽകി. എന്നാൽ ഒരു നടപടിയുമായില്ല. ഇക്കഴിഞ്ഞ 18-ാം തീയതി പൊതുമരാമത്ത് വകുപ്പുമന്ത്രിയെ ഞാൻ ഫോണിലൂടെ ബന്ധപ്പെട്ടപ്പോൾ ഉടനെ പണി ആരംഭിക്കുമെന്നാണ് പറഞ്ഞത്. അദ്ദേഹം റാന്നിയിൽ വച്ച് പ്രഖ്യാപനം നടത്തി. ഒരു നടപടിയുമായിട്ടില്ല. 4 കോടി 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പുമന്ത്രി ഒപ്പിട്ട് ധനകാര്യ വകുപ്പുമന്ത്രിയുടെ കൈയിൽ കൊടുത്തിട്ടുണ്ട്. 4 കോടി 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി ആ പാലത്തിന്റെ വീതി കൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ട് പന്തളത്തെ ജനങ്ങളെ രക്ഷപ്പെടുത്തണം. അവിടെയുള്ള ജനങ്ങൾ പ്രതിഷേധത്തിലാണ്. ഞാനടക്കം അവിടെ ഒരു ദിവസം ഉപവാസമിരുന്നു. ഇന്ന് ഇതിനെ സംബന്ധിച്ച് തീരുമാനമുണ്ടായില്ലെങ്കിൽ ശക്തമായ സമരവുമായി മുന്നോട്ടുപോകണമെന്നാണ് ജനങ്ങളുടെ തീരുമാനം. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഭരണാനുമതി നൽകണമെന്നതാണ് എന്റെ ആവശ്യം.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ശക്തമായ സമരമൊന്നും ആവശ്യമില്ല. പന്തളം നിവാസികളുടെയും ബഹുമാനപ്പെട്ട ചിറ്റയം ഗോപകുമാറിന്റെയും ആഗ്രഹം പൂവണിയുവാൻ പോവുകയാണ്. പന്തളം ജംഗ്ഷനിൽ എം.സി. റോഡിലെ കുറന്തോട്ടയം പാലം വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട ഫയൽ ധനകാര്യ വകുപ്പിൽ ലഭിക്കുകയും പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകാൻ ധനകാര്യ വകുപ്പ് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

(6) പി. മുരളിയുടെ കൊലപാതകം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, 27-10-2014-ന് വൈകുന്നേരം കാസർഗോഡ് ജില്ലയിലെ കുമ്പള ശാന്തിപ്പള്ളം എന്ന സ്ഥലത്തുവച്ച് അവിടത്തെ ഡി.വൈ.എഫ്.ഐ.-യുടെ പ്രവർത്തകനായ മുരളി എന്ന ചെറുപ്പക്കാരനെ രണ്ടു ബൈക്കുകളിലായി നാലു ബി.ജെ.പി. പ്രവർത്തകർ പരസ്യമായി കത്തിക്കൊല പ്പെടുത്തിയ സംഭവുമായി ബന്ധപ്പെട്ട വിഷയമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. രണ്ടു ബൈക്കുകളിലായി വന്ന ഈ നാലുപേരെ പോലീസ് അപ്പോൾത്തന്നെ അറസ്റ്റ് ചെയ്ത് കേസെടുത്തുവെങ്കിലും കൊലപാതകത്തിന് പിന്നിൽ പ്രവർത്തിച്ച നാലുപേരെക്കുറിച്ച് പോലീസിന് അറിയാമായിരുന്നു. ആ നാലുപേരെയും പോലീസ് പിന്നീട് അറസ്റ്റ് ചെയ്തു. പക്ഷേ നിസ്സാര വകുപ്പ് ചേർത്ത് കോടതിയിൽ ഹാജരാക്കിയപ്പോൾ ജാമ്യം അനുവദിച്ച നടപടിയാണ് സ്വീകരിച്ചത്. ഒരു കൊലപാതകം നടന്നപ്പോൾ കൊലപാതകികളെ സംരക്ഷിക്കുകയും കൊലയ്ക്ക് കൂട്ടുനിന്ന നാലുപേരെ അറസ്റ്റ് ചെയ്ത് സാധാരണ പെറ്റി കേസ് എടുത്ത്, ജാമ്യം കൊടുക്കുന്ന വകുപ്പുകൾ ചേർത്ത് നടപടി സ്വീകരിക്കുകയും ചെയ്തു എന്നതാണ് പ്രധാന ആക്ഷേപം. ഇതുതന്നെയാണ് കാസർഗോഡ് ജില്ലയിലെ പല പ്രശ്നങ്ങൾക്കും കാരണമാകുന്നത്. അവിടെ നടക്കുന്ന സംഭവങ്ങളിലെല്ലാം പോലീസ് ഒരു ഭാഗത്ത് കക്ഷിചേരുകയും മറ്റെല്ലാവരെയും ദ്രോഹിക്കുന്ന നടപടി സ്വീകരിക്കുകയും ചെയ്തതിന്റെ ഫലമായാണ് കാസർഗോഡ് പല കുഴപ്പങ്ങളും സംഭവിക്കുന്നത്. ഈ സംഭവത്തിൽ ബി.ജെ.പി.-ക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടി കാസർഗോഡ് ഡിവൈ.എസ്.പി. അടക്കമുള്ള പോലീസുകാർ ചെയ്തിട്ടുള്ള കാര്യങ്ങളാണ് ഞാൻ ഈ സഭയിൽ ആക്ഷേപമായി ഉന്നയിക്കുന്നത്. ഈ സംഭവത്തിൽ കൊലക്കുറ്റത്തിന് കൂട്ടുനിന്ന നാലുപേരെ നിസ്സാര പെറ്റി കേസെടുത്ത് സംരക്ഷിക്കുന്ന നടപടിയാണ് കാസർഗോഡ് പോലീസ് സ്വീകരിച്ചിട്ടുള്ളത്. ഒരാൾ യാത്ര ചെയ്ത അവസരത്തിൽ വാക്കേറ്റമോ എന്തെങ്കിലും പ്രശ്നമോ ഒന്നും നടക്കാതെ കരുതിക്കൂട്ടി തടഞ്ഞുനിർത്തി

LIBRARY ARCHIVES Kerala Legislative Assembly